

# അറിവുത്സവം



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

കുടുംബശ്രീയിൽ മൂന്ന് ലക്ഷം അയൽക്കൂട്ടങ്ങളും 43 ലക്ഷം അംഗങ്ങളുമുണ്ടെന്ന് സൂചിപ്പിച്ചിരുന്നുവല്ലോ. ഈ 43 ലക്ഷം അംഗങ്ങളിലേക്കും കുടുംബശ്രീ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും മറ്റ് പൊതു അറിവുകളും നൽകാൻ വേണ്ടി കുടുംബശ്രീ സ്കൂൾ എന്ന ബൃഹത് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയതിനെക്കുറിച്ച് Making an Impact 10 ൽ വിശദീകരിച്ചിരുന്നുവല്ലോ. ഇതിന്റെ അടുത്തഘട്ടമെന്ന നിലയിൽ പഠിച്ച അറിവുകൾ പ്രയോഗിക്കാനുള്ള കഴിവ് അളക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഞങ്ങൾ നടത്തുന്ന പ്രോഗ്രാമാണ് അറിവുത്സവം.

തൃശ്ശൂർ ജില്ലയിലെ സംഘടനാ ടീമാണ് അറിവുത്സവം എന്ന ആശയം ആദ്യമായി ആവിഷ്ക്കരിച്ചത്. ഇപ്പോൾ കേരളത്തിലെ 14 ജില്ലകളിലും അറിവുത്സവം കുടുംബശ്രീ സംഘടനാ തലത്തിൽ നടത്തുകയാണ്. വാർഡ് തല

ത്തിലും സിഡിഎസ് തലത്തിലും ബ്ലോക്ക്, ജില്ലാ തലങ്ങളിലുമായി കുടുംബശ്രീ സ്കൂളിനെക്കുറിച്ചും കുടുംബശ്രീയെക്കുറിച്ചുള്ള പൊതു അറിവുകളെക്കുറിച്ചുമുള്ള പരീക്ഷയാണ് അറിവുത്സവം. 20 മുതൽ 30 വരെ ചോദ്യങ്ങളാണ് അറിവുത്സവത്തിൽ ഓരോ തലത്തിലും ചോദിക്കുക. വാർഡ് തല വിജയികൾ പഞ്ചായത്ത് തലത്തിലും അവിടുത്തെ വിജയികൾ ബ്ലോക്ക് അല്ലെങ്കിൽ ജില്ലാ തലത്തിലും അറിവുത്സവത്തിൽ പങ്കെടുക്കുന്നു. അയൽക്കൂട്ടാംഗങ്ങളുടെ മികച്ച പങ്കാളിത്തമാണ് വാർഡ് തലം മുതൽ ജില്ലാതലം വരെയുള്ള അറിവുത്സവത്തിലുള്ളതെന്നത് ഞങ്ങൾക്ക് ഏറെ സംതൃപ്തി നൽകുന്നു.

കുടുംബശ്രീയെക്കുറിച്ചുള്ള അറിവുകൾ വർദ്ധിപ്പിക്കാനും പരിശീലനത്തിലൂടെയും പങ്കാളിത്തത്തിലൂടെയും ശാക്തീകരണം സാധ്യമാക്കാനും അറിവ് സ്വായത്തമാക്കാനുള്ള ആഗ്രഹത്തിലൂടെ കൂടുതൽ പൊതു പ്രവർത്തന രംഗത്തേക്ക് അയൽക്കൂട്ടാംഗങ്ങളെ കൈപിടിച്ചുയർത്താനുമൊക്കെ സാധിച്ചുവെന്നത് ഞങ്ങളുടെ ടീമിന് സന്തോഷമേകുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ ഘട്ടങ്ങളിലായി അറിവുത്സവം നടന്നുവരുന്നു. കുടുംബശ്രീയിലൂടെയുള്ള സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് അടിത്തറ നൽകുന്ന ഒരു വലിയ പദ്ധതിയായി അറിവുത്സവം മാറിക്കഴിഞ്ഞിരിക്കുന്നു.